## ലൈഫ് - എല്ലാവർക്കും വീട്

32. സ്വപ്നങ്ങളുടെ കണക്കെഴുതിയ ഡയറിയുമായി ജീവിക്കുന്ന ഒരു അച്ചൻ സാറാ ജോസഫിന്റെ മറ്റാത്തി എന്ന നോവലിലുണ്ട്. "*അതിൽ ഒരെണ്ണം 100 ശതമാനം പാർപ്പിട മെന്ന അതിമോഹമാണ്. അതും നോക്കി നെടുവീർ പ്പെടുന്നത് ഒന്നും രണ്ടും തവണയല്ല. നെടുവീർപ്പുകൾ സ്വപ്നത്തെ യാഥാർത്ഥ്യമാക്കാൻ സഹായിക്കുമെന്ന് അച്ചൻ ഉറച്ചു വിശ്വസിക്കുന്നു.*" സർ, ആ സ്വപ്നം ഈ സർക്കാർ യാഥാർത്ഥ്യമാക്കുകയാണ്. പാർപ്പിട പ്രശ്നം സ്ഥായിയായി പരിഹരിക്കാൻ ഭൌതികസാഹചര്യമുള്ള ഏക സംസ്ഥാനം ഇന്നു കേരളമാണ്. ഇന്ന് ഒരു കുടുംബത്തിൽ ശരാശരി ഒന്നോ രണ്ടോ കുട്ടികൾ മാത്രമാണുള്ളത്. അതുകൊണ്ട് ഇന്ന് വീടില്ലാത്തവർ ക്കെല്ലാം വീടു കൊടുത്തു കഴിഞ്ഞാൽ പുതിയ കുടുംബങ്ങൾ രൂപം കൊള്ളുമ്പോൾ അവർക്കു പുതിയ വീടുകൾ ആവശ്യമായി വരില്ല. ഇന്ത്യയിലൊരു സംസ്ഥാനത്തും ഇത്തരമൊരു അനുകൂല സാഹചര്യമില്ല. ഈ പശ്ചാത്തലത്തിലാണ് സമ്പൂർണ പാർപ്പിടം ഉറപ്പു വരുത്താനായി ലൈഫ് മിഷൻ ആരംഭിച്ചിട്ടുള്ളത്.

33. പണിതീരാത്ത 77,756 വീടുകളുടെ നിർമ്മാണം നടന്നുവരികയാണ്. വാസയോഗ്യമായ വീടില്ലാത്ത 4,21,073 പേർക്കും ഭൂരഹിതരായ 3,38,450 പേർക്കും പുതുതായി വീടുകൾ നിർമ്മിച്ചു നൽകേണ്ടതുണ്ട്. 4 ലക്ഷം രൂപയുടെ വീടുകളാണ് നൽകാനുദ്ദേശിക്കുന്നത്. ഇപ്പോൾ ലിസ്റ്റിലുള്ള 1.76 ലക്ഷം ഭൂമിയുള്ള ഭവനരഹിതർക്കും 2018-19-ൽ വീടു നൽകുന്നതിന് ലക്ഷ്യമിടുന്നു. റേഷൻകാർഡ് ഇല്ലായെന്നതു കൊണ്ട് ലിസ്റ്റിൽ നിന്നും വിട്ടുപോയിട്ടുള്ള അഗതി കുടുംബങ്ങളെ ലിസ്റ്റിൽ ഉൾപ്പെടുത്തും. മറ്റു പല കാരണങ്ങൾകൊണ്ടും ലിസ്റ്റിൽ നിന്നും വിട്ടുപോയി എന്നു പരാതിപ്പെടുന്നവരുടെ കാര്യം തുടർന്നുള്ള വർഷങ്ങളിൽ പരിഗണിക്കും. പിഎംഎവൈ വീടുകളാണെങ്കിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായമായി രണ്ടര ലക്ഷം രൂപ നൽകുന്നതാണ്. പിഎംഎവൈയിൽ ഉൾപ്പെടാത്ത വീടുകളാണെങ്കിൽ ഒരു ലക്ഷം രൂപ വീതമാണ് ധനസഹായം നൽകുക. ബാക്കി തുക തദ്ദേശ ഭരണ സ്ഥാപനങ്ങൾ സ്വന്തം പ്ലാൻ ഫണ്ടിൽ നിന്നോ വായ്പയായോ കണ്ടെത്തേണ്ടതാണ്. ആവശ്യമായ തുക വായ്പയായി എടുത്ത് തദ്ദേശ ഭരണസ്ഥാപനങ്ങൾക്കു നൽകാൻ ഒരു പ്രത്യേക ഫിനാൻസ് കമ്പനിയ്ക്കു രൂപം നൽകുന്നുണ്ട്. ഇങ്ങനെ തദ്ദേശ ഭരണസ്ഥാപനങ്ങൾ എടുക്കുന്ന വായ്പകളുടെ മുതൽ അവരുടെ ഭാവി പ്ലാൻ ഫണ്ടിൽ നിന്ന് വർഷം തോറും കുറവു ചെയ്യും. പലിശ സർക്കാർ വഹിക്കും.

34. ഭൂരഹിതർക്ക് പൊതുവായ സ്ഥലം കണ്ടെത്തി ഫ്ളാറ്റ് അടിസ്ഥാനത്തിലുള്ള കെട്ടിട സമുച്ചയങ്ങൾ നിർമ്മിക്കാനാണ് പദ്ധതി. 10 ലക്ഷം രൂപ വരെ ഫ്ലാറ്റ് ഒന്നിനു ചെലവു വരും. താമസസൌകര്യത്തിനോടൊപ്പം

അംഗനവാടികൾ, തൊഴിൽ നൈപുണീ കേന്ദ്രങ്ങൾ തുടങ്ങിയ പൊതു സൌകര്യങ്ങളും ഈ സമുച്ചയങ്ങളിലുണ്ടാകും. നഗരപ്രദേശങ്ങളിലെ പാർപ്പിട സമുച്ചയങ്ങൾക്കാണ് മുൻഗണന നൽകുക.

35. ലൈഫ് പാർപ്പിട പദ്ധതിയ്ക്കായി ഈ വർഷം 2500 കോടി രൂപ വകയിരുത്തുന്നു.